ബാധകമായിട്ടുള്ളതാണ്. അയിത്തം കുറെകൂടി മാക്കുന്ന വകുപ്പും ഇങ്ങിനെയുള്ള വകുപ്പുകളിൽപെട്ടതാണ്. അതനുസരിച്ച് ആ നിയമം ഇവിടെയും ബാധകമാകുന്നതാണ്. ഇപ്പോൾ ഇന്ത്യാ മുഴുവൻ ഒന്നിച്ചു ബാധിക്കത്തക്കവിധം ഒരു നിയമമുണ്ടാക്കാനുള്ള നടപടി എടുത്തുവരുകയാണ്. അതു് ഏതാനും മാസത്തിനുള്ളിൽ നടപ്പിൽ വരും. അപ്പോൾ അതു് ഇവിടെയും നടപ്പിൽവരും. അതുകൊണ്ടാണ് അയിത്തം കുറെകൂടി മാക്കുന്ന കാര്യത്തെപ്പറ്റി പ്രത്യേകമെടുത്തു പറയാതിരുന്നതു്.

മിസ്റ്റർ ജോസഫ് മുണ്ടശ്ശേരി: അയിത്തം കുറെകൂടി മാക്കിയാൽ പൊതുജീവിതത്തിൽ അതു് എത്രത്തോളം വ്യാപിക്കുമെന്നു വിശദീകരിയ്ക്കാമോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അതു് ഒരു പ്രസംഗത്തിനു വിഷയമാക്കേണ്ട കാര്യമാണ്.

മിസ്റ്റർ ജോസഫ് മുണ്ടശ്ശേരി: അയിത്തം കുറെകൂടി മാക്കുന്നതുകൊണ്ടു് എത്രത്തോളം ബുദ്ധിമുട്ടുകൾ പരിഹരിക്കപ്പെടും എന്നറിഞ്ഞാൽ കൊള്ളാം.

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അയിത്തം ആചരിക്കുന്നതു കുറവാണ്. അതിനുവേണ്ടിയുള്ള നിയമനിർമ്മാണം ഉണ്ടാകുമ്പോഴേ അതിന്റെ വ്യാപ്തിയെപ്പറ്റി പറയുവാൻ തരമുള്ളൂ.

മിസ്റ്റർ ജോസഫ് മുണ്ടശ്ശേരി: അതിന്റെ പരിധി എത്രത്തോളമുണ്ടെന്നറിയുവാനാണു ചോദിക്കുന്നതു്. വീട്ടിലോ പറമ്പിലോ ഒരാളെ പ്രവേശിപ്പിക്കാതെ ഇരുന്നാൽ അതും കുറെകൂടി മാക്കാനുദ്ദേശിക്കുന്നുണ്ടോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: എത്രത്തോളം വ്യാപ്തിയുണ്ടാകുമെന്നു് ഇപ്പോൾ പറയുവാൻ സാധ്യമല്ല.

മിസ്റ്റർ പി. കെ ഡീവർ: അയിത്തം കുറെകൂടി മാക്കുന്ന ഒരു വകുപ്പു് ഇന്ത്യൻ കോൺസ്റ്റിറ്റ്യൂവെൻറ് അസംബ്ളി ഇന്ത്യൻ ഭരണഘടനയിൽ ചേർത്തിട്ടുള്ളതുകൊണ്ടു് ഇവിടെയും അതുപോലെ ഒരു നിയമനിർമ്മാണമുണ്ടാക്കാൻ പാടില്ലേ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഏതാനും ആഴ്ചകൾക്കുള്ളിൽ ആ നിയമനിർമ്മാണമുണ്ടാകും. അതിവിടെയും ബാധകമാകുമെന്നാണു ഞാൻ പറഞ്ഞതു്.

മിസ്റ്റർ പി. കെ. ഡീവർ: കോൺസ്റ്റിറ്റ്യൂവെൻറ് അസംബ്ളി പാസാക്കിയ ആ നിയമം ഇന്ത്യാ മുഴുവൻ വ്യാപിക്കുന്നതോടുകൂടിതന്നെ കൊച്ചിക്കും ബാധകമാകുമോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അതിനു് ഇവിടെ ഒരു പ്രത്യേക നിയമനിർമ്മാണം വരും.

മിസ്റ്റർ കെ. കരുണാകരൻ: കോൺസ്റ്റിറ്റ്യൂവെൻറ് അസംബ്ളി അതു പാസാക്കിയിട്ടുണ്ടോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഉവ്വ്.

KIND OF CLOTHES TO BE GIVEN TO DEPRESSED CLASS GIRLS FOR NEEDLE WORK—RULES REGARDING

68. (193) **Mr. Kodanat Narayanan Nambudiripad** *(Land-holders)*: Will Government be pleased to state.—

(*a*) according to the Rules of Education Department what kind of clothes should be supplied to the Depressed class girls in schools for needle-work;

(*b*) do rules prescribe that "mulls" should be invariably supplied;

(*c*) if so, do the Government know that in many schools instead of mulls other kinds of clothes are now being supplied?

Mr. P. GovindaMenon *(Minister for Finance and Law)*:

(*a*) One sq. ft. of mull to each girl in classes 1—3 and 1 yard cloth each in class 4 and Forms I—III.

(*b*) The prescribed item is mull for classes 1—3 and cloth for class 4 and Forms I—III. But bue to difficulty in getting mull in sufficient quantities, jaganathan is allowed to be substituted.

(*c*) Yes.

മിസ്റ്റർ കോടനാട്ടു് നാരായണൻ നമ്പൂതിരിപ്പാട്: ജഗന്നാഥൻ കൊടുക്കുമ്പോൾ മല്ലിന്റെ വിലയുണ്ടാകുന്നിടത്തോളം കൊടുക്കുമെന്നല്ലേ വിചാരിക്കേണ്ടതു്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അങ്ങിനെതന്നെയാണു വിചാരിക്കേണ്ടതു്.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ എം. ആർ. വേലപ്പൻ: എത്ര മല്ല് വിതരണംചെയ്തിട്ടുണ്ട്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: നോട്ടീസു വേണം.

PORINGALKUTHU HYDRO-ELECTRIC SCHEME—EXPENSES REGARDING

69. (99A) മിസ്റ്റർ എ. ഈച്ചരമേനോൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട ഗവൺമെണ്ട ദയവുചെയ്ത മറുപടി പറയുമോ.—

(എ) ഇതേവരെയായി പെരിങ്ങൽകുത്ത വിദ്യുച്ഛക്തിനിമ്മാണ പരിപാടിയിൽ എന്ത ചിലവായിട്ടുണ്ട്";

(ബി) എത്ര കൊല്ലംകൊണ്ട പണി മുഴമിപ്പിക്കാനാണ റിക്കാർട്ടകൊണ്ട കാണുന്നത്";

(സി) ഇപ്പോൾ പണി ആരംഭിച്ചിട്ട് എത്ര കൊല്ലമായി;

(ഡി) ഖ്യ്ഫോർഡ് സായിപ്പിനെ എത്ര കൊല്ലത്തേക്കാണ് ഉദ്യോഗത്തിൽ വെച്ചിട്ടുള്ളത്"?

മിസ്റ്റർ കെ. അയ്യപ്പൻ:

(എ) ന ഫ, ങ ര, ന ൻ ര — ൧—൨ക. (ഫ ഫ൨ ര കന്നി അവസാനംവരെ).

(ബി) ഫ ൻ ങ ൨ മദ്ധ്യത്തിൽ പ്രഥമഘട്ടം പണി അവസാനിക്കുമെന്ന പ്രതീക്ഷിക്കുന്നു.

(സി) രണ്ടുകൊല്ലവും നാലു മാസവും.

(ഡി) മൂന്ന കൊല്ലത്തേക്ക്.

മിസ്റ്റർ എ. ഈച്ചരമേനോൻ: പ്രഥമഘട്ടം പണി അവസാനിച്ചാൽ വിദ്യുച്ഛക്തി ഇവിടെ വന്നതുടങ്ങുമോ?

മിസ്റ്റർ കെ. അയ്യപ്പൻ: നോട്ടീസുവേണം.

മിസ്റ്റർ എ. ഈച്ചരമേനോൻ: രണ്ടുകൊല്ലവും നാലുമാസവും കഴിച്ച് ഇനി എട്ട മാസം മാത്രമേ അദ്ദേഹത്തിന്റെ കാലാവധിയിൽ ബാക്കിയുള്ള. അതു കഴിഞ്ഞാൽ അദ്ദേഹത്തെതന്നെ ഇവിടെ വെയ്ക്കുന്നുണ്ടോ, അതോ വേറെ വല്ല വിദഗ്ധന്മാരേയും ഇവിടെ വരുത്തുന്നുണ്ടോ?

മിസ്റ്റർ കെ. അയ്യപ്പൻ: അതിനെപ്പറ്റി ആലോചിക്കുവാൻ വരുന്നതേയുള്ള.

CHALAKKUDI IRRIGATION SCHEME—POLICY REGARDING

71. (301) **Mr. A. K. George** *(Kattur)*: Will Government be pleased to state.—

(*a*) what is the present policy of the Government with regard to the major Chalakkudi Irrigation scheme;

(*b*) have the Government made any negotiation with the Government of Travancore about this scheme as it affects both States?

Mr. E. Ikkanda Warriar *(PrimeMinister)*:

(*a*) The policy of the Government is to take up the scheme as early as possible.

(*b*) Yes.

Mr. A. K. George *(Kattur)*: At what stage does this negotiation remain now?

Mr. E. Ikkanda Warriar *(Prime Minister)*: A draft agreement has been prepared and sent to Travancore Government. It is being examined by them. From the latest communication I find that it is being examined by their Legal Remembrancer.

Mr. A. K. George *(Kattur)*: Can we expect it within a couple of months or at least within a year?

Mr. E. Ikkanda Warriar *(Prime Minister)*: We hope to come to some agreement within two months if not earlier.

മിസ്റ്റർ എ. കെ. ജോഷ്വ: കണ്ണംകുഴി പദ്ധതിയും ചാലക്കുടി ഇറിഗേഷൻ സ്കീമും ഒരേ ലവലിൽനിന്നതന്നെയാണോ തുടങ്ങുന്നത്"?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: അല്ല. കണ്ണംകുഴി പദ്ധതി ന.ഫ ൦ അടി പൊക്കത്തിൽനിന്നാണ് തുടങ്ങുന്നത്. ചാലക്കുടി പദ്ധതി ഫ ൦ ൬ അടി പൊക്കത്തിൽ നിന്നാണ തുടങ്ങുന്നത്. കണ്ണംകുഴി പദ്ധതിയേക്കാൾ താഴ്ന്നപ്രദേശത്തിൽനിന്നാണ ചാലക്കുടി പദ്ധതി തുടങ്ങുന്നത്.

LIBRARY ARCHIVES Kerala Legislative Assembly